"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് റീസർവ്വെ നമ്പർ 22-ൽപെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന്റെ (കെ.പി.ഐ.പി.) കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബിക്ക് 30 വർഷത്തേയ്ക്ക് പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.45/2024/RD    തീയതി,തിരുവനന്തപുരം, 16-02-2024

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27/01/2023ലെ LR/9387/2022-LR(J9) നമ്പർ കത്ത്.
2. 06/02/2016 തീയതിയിലെ സ.ഉ(കൈ)96/2016/ആർ.ഡി നമ്പർ ഉത്തരവ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ അനങ്ങനടി വില്ലേജിലെ ബ്ലോക്ക് 54 റീസർവ്വേ നമ്പർ 22 -ൽ പെട്ട റവന്യൂ വകുപ്പിന്റെ കൈവശമുള്ള 0.3073 ഹെക്ടർ ഭൂമിയും കെ.പി.ഐ.പി. (കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ട്) ന്റെ കൈവശമുള്ള റിസർവ്വെ 22/1 pt, 22/3pt എന്നിവയിൽ പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ 0.4629 ഹെക്ടർ ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിനു ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സൂചന (1) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. 06.02.2016 ലെ ജി.ഒ.(എം.എസ്.) 96/2016/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും വാണിജ്യ സ്വഭാവത്തിലുള്ളതും 400 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്നതുമായ സ്ഥാപനങ്ങളുടെ കാര്യത്തിൽ കമ്പോളവിലയുടെ 5% പാട്ടത്തുകയായി കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പാട്ടത്തുക പ്രതിവർഷത്തേയ്ക്ക് 5% നിരക്കിലാണ് ലാന്റ് റവന്യൂ കമ്മീഷണർ, പഞ്ചായത്ത് പ്രദേശത്തെ ടി ഭൂമിയുടെ പാട്ടത്തുക കാണക്കാക്കിയിട്ടുള്ളത്.ആയതുപ്രകാരം, അനുവദിക്കുന്ന ഭൂമിയുടെ പാട്ടത്തുക പ്രതിവർഷം 3,70,515/- (മൂന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റിപതിനഞ്ച്) രൂപയായി നിശ്ചയിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3.കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കൈവശമുള്ള 0.1556 ഹെക്ടർ ഭൂമി കോതക്കുറിശ്ശി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുവാൻ ജലവിഭവ വകുപ്പ് സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാട്ടത്തുക കുറയ്ക്കണമെന്ന ഊർജ്ജവകുപ്പിന്റെ ശുപാർശ കണക്കിലെടുത്തും കെ.എസ്.ഇ.ബി. കേരള സർക്കാരിനു കീഴിലുള്ള ഒരു പൊതുമേഖല സ്ഥാപനമെന്നതു കണക്കിലെടുത്തും പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് റീസർവ്വെ നമ്പർ 22-ൽപെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന്റെ കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബിക്ക് 30 വർഷത്തേയ്ക്ക്, ഓരോ മൂന്ന് വർഷം കൂടുന്തോറും അന്നത്തെ കമ്പോളവിലയുടെ 2%നിരക്കിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും, താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലും 1,34,426/- രൂപ വാർഷികപാട്ടത്തുക ഈടാക്കി പാട്ടത്തിനു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ
2) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധിനപ്പെടുത്തുവാനോ പാടുള്ളതല്ല;
3) ഭൂമി 'ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
4) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും K.S.E.B തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;
5) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.
6) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
7) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ധനകാര്യ വകുപ്പ്, ( U.O.No. EXP-D3/89/2023/Fin പ്രകാരം)
ജലവിഭവ (ഐ.ആർ) വകുപ്പ്, ( 22.03.2023 ലെ U.O.I.R.1/137/2022/WRD)

ഊർജ്ജ വകുപ്പ്, ( U.O. No. PWR-C3/136/2023/Power )
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Priya Vincent
Date: 16-02-2024 15:55:17

പകർപ്പ് :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
റവന്യൂ അഡിഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-02-2024

ഫയൽ നം. എൽ1/32/2023/റവ. ഇനം നം: 2047

വിഷയം : റവന്യൂ വകുപ്പ് - പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് റീസർവ്വെ നമ്പർ 22-ൽപെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന്റെ (കെ.പി.ഐ.പി.) കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബി.-ക്ക് 30 വർഷത്തേയ്ക്ക്, ഓരോ മൂന്ന് വർഷം കൂടുന്തോറും അന്നത്തെ കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും, നിശ്ചിത നിബന്ധനകളുടെ അടിസ്ഥാനത്തിലും 1,34,426/- രൂപ വാർഷികപാട്ടത്തുക ഈടാക്കി പാട്ടത്തിനു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

15/2

2047

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എൽ1/32/2023/റവ |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് റീസർവ്വെ നമ്പർ 22-ൽ പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്റ്റിന്റെ (കെ.പി.ഐ.പി) കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബി ക്ക് 30 വർഷത്തേക്ക്, ഒരോ മൂന്ന് വർഷം കൂടുന്തോറും അന്നത്തെ കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും, നിശ്ചിത നിബന്ധനകളുടെ അടിസ്ഥാനത്തിലും 1,34,426/- രൂപ വാർഷികപാട്ടത്തുക ഈടാക്കി പാട്ടത്തിനു നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 08.01.2024 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഊർജ്ജ വകുപ്പ്, ജലവിഭവ വകുപ്പ്<br>ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | മേരി ലാലി. സി.വൈ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 05.02.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.02.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12.02.2024 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13.02.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ അനങ്ങനടി വില്ലേജിൽ റീ.സ. 22-ൽ പ്പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന്റെ (കെ.പി.ഐ.പി.) കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെട്ട ആകെ 0.4629 ഹെക്ടർ ഭൂമി കോതക്കുറിശ്ശി 110 KV സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി.ക്ക് 30 വർഷത്തേക്ക് ഒരോ മൂന്നു വർഷം കൂടുന്തോറും പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും നിശ്ചിത നിബന്ധനകളുടെ അടിസ്ഥാനത്തിലും 1,34,426/- രൂപ വാർഷികപാട്ടത്തുക ഈടാക്കി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ അനങ്ങനടി വില്ലേജിലെ റീസർവ്വേ നമ്പർ 22 -ൽ പെട്ട റവന്യൂ വകുപ്പിന്റെ കൈവശമുള്ള 0.3073 ഹെക്ടർ ഭൂമിയും കെ.പി.ഐ.പി. (കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്റ്റ്) ന്റെ കൈവശമുള്ള റിസർവ്വെ 22/1pt, 22/3 pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ 0.4629 ഹെക്ടർ ഭൂമി പാട്ടത്തിന് അനുവദിക്കുന്നതിനു ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിച്ചിരുന്നു. പ്രൊഫോർമ റിപ്പോർട്ട്, ചെക്ക് ലിസ്റ്റ്, വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, മഹസ്സർ, ലൊക്കേഷൻ സ്കെച്ച്, ബി.ടി.ആർ. പകർപ്പ്, സർവ്വേ സ്കെച്ച്, ന്യായവില രജിസ്റ്റർ പകർപ്പ് എന്നിവയും ശുപാർശയോടൊപ്പം സമർപ്പിച്ചിട്ടുള്ളതാണ്. അനുവദിക്കുന്ന ഭൂമിയുടെ പാട്ടത്തുക പ്രതിവർഷം 3,70,515/- (മൂന്നു ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റിപതിനഞ്ച്) രൂപയായി നിശ്ചയിക്കാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

3) ഇക്കാര്യത്തിൽ ജലവിഭവ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

" കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കൈവശമുള്ള 0.1556 ഹെക്ടർ ഭൂമി കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുവാൻ ഈ വകുപ്പിന് സമ്മതമാണ്. "

4) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

*" അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് ബ്ലോക്ക് 524 റീസർവ്വെ നമ്പർ 22-ൽ പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കെ.പി.ഐ.പി കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽ പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബിക്ക് നിലവിലെ പാട്ടവ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പാട്ടത്തിന് അനുവദിക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നതായും G.O.(P).No 44/2018/Fin dated 17.03.2018, G.O.(P).No 28/2019/Fin dated 08.03.2019 നമ്പർ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുള്ള ന്യായവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക കണക്കാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5) 2023 ഏപ്രിൽ 1 ന് പരിഷ്കരിച്ച ന്യായവിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 0.4629 ഹെക്ടർ വസ്തുവിന് പാട്ടത്തുക **3,36,065/-** രൂപയാകുന്നതാണ്. ഇതിനിടെ, പാട്ടത്തുക കുറച്ചു നൽകണമെന്ന് ബഹു. വൈദ്യുതിവകുപ്പ മന്ത്രി ആവശ്യപ്പെടുകയുണ്ടായി.

6) ഇക്കാര്യത്തിൽ ഊർജ്ജവകുപ്പ് താഴെ പറയും പ്രകാരം അറിയിച്ചിരുന്നു.

*" കോതക്കുറുശ്ശി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നിലവിൽ ആവശ്യപ്പെട്ട ഭൂമിയുടെ പാട്ടത്തുക കുറവ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ- സമർപ്പിച്ച നിവേദനം കൈകാര്യം ചെയ്യുന്ന സി3/136/2023/ഊർജ്ജം നമ്പർ ഫയൽ ഈ വകുപ്പിന്റെ ശിപാർശ സഹിതം റവന്യൂ വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ഇതിന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "*

7) കെ.എസ്.ഇ.ബി.എൽ.-ന്റെ കത്തിൽ അഭ്യർത്ഥിച്ചിരിക്കുന്നതു പോലെ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 1.13 ഏക്കർ ഭൂമി സൗജന്യമായോ കുറഞ്ഞ പാട്ട നിരക്കിലോ (ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കി) കുറഞ്ഞത് 50 വർഷത്തേയ്ക്കെങ്കിലും കെ.എസ്.ഇ.ബി.എൽ.-ന് കൈമാറുകയോ ചെയ്യണമെന്ന് ആണ് ഊർജ്ജ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത്.

8) 06/02/2016 ലെ ജി.ഒ.(എം.എസ്) 96/2016/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പൂർണ്ണമായും വാണിജ്യ സ്വഭാവത്തിലുള്ളതും 400 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്നതുമായ സ്ഥാപനങ്ങളുടെ കാര്യത്തിൽ കമ്പോളവിലയുടെ 5% പാട്ടത്തുകയായി കണക്കാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം പാട്ടത്തുക പ്രതിവർഷത്തേയ്ക്ക് 5% നിരക്കിലാണ് ലാന്റ് റവന്യൂ കമ്മീഷണർ, പഞ്ചായത്ത് പ്രദേശത്തെ ടി ഭൂമിയുടെ പാട്ടത്തുക കണക്കാക്കിയിട്ടുള്ളത്. എന്നാൽ പാട്ടത്തുക കുറയ്ക്കണമെന്ന ഊർജ്ജവകുപ്പിന്റെ ശുപാർശ കണക്കിലെടുത്തും കെ.എസ്.ഇ.ബി., കേരള സർക്കാരിനു കീഴിലുള്ള ഒരു പൊതുമേഖലാസ്ഥാപനമെന്നതു കണക്കിലെടുത്തും കമ്പോളവിലയുടെ 2% നിരക്കിൽ വാർഷിക പാട്ടം കണക്കാക്കി നൽകാവുന്നതാണ്. ചില

പ്രത്യേക സാഹചര്യങ്ങളിൽ ആറൊന്നിന് 100 രൂപയ്ക്ക് ഭൂമി വാർഷിക പാട്ടത്തിന് നൽകുന്ന പതിവുണ്ട്. എന്നാൽ ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് ഈടാക്കിയാണ് കെ.എസ്.ഇ.ബി സേവനം നൽകി വരുന്നത് എന്നതിനാൽ ടി പരിഗണന നൽകേണ്ടതായി കാണുന്നില്ല.

9) മേൽ സാഹചര്യത്തിൽ 06/02/2016 ലെ ജി.ഒ(എം.എസ്) 96/2016/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരള സർക്കാരിനു കീഴിലുള്ള ഒരു പൊതുമേഖലാസ്ഥാപനമെന്നതു കണക്കിലെടുത്ത് കമ്പോളവിലയുടെ 2% നിരക്കിൽ വാർഷിക പാട്ടം കണക്കാക്കി നൽകാവുന്നതാണ്. ആയത് പ്രകാരം കണക്കാക്കുമ്പോൾ (46.29 ആർ x Rs. 145200/- x 2% = 1,34,426) 1,34,426/- രൂപ ( ഒരു ലക്ഷത്തി മുപ്പത്തി നാലായിരത്തി നാനൂറ്റി ഇരുപത്തിയാറ് രൂപ) വാർഷിക പാട്ടത്തുക വരുന്നതാണ്.

10) ചട്ട പ്രകാരമുള്ള 5% നിരക്കിൽ KSEB-ക്കു ഭൂമി പാട്ടത്തിനു നൽകാനാണ് ധനവകുപ്പ് ശുപാർശ ചെയ്തിട്ടുള്ളത് എങ്കിലും ഒരു പൊതു മേഖല സ്ഥാപനം എന്നത് കണക്കിലെടുത്ത് ഊർജ വകുപ്പ് ശുപാർശ ചെയ്തത് പരിഗണിച്ച് 2% നിരക്കിൽ ഭൂമി അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ അനങ്ങനടി വില്ലേജിൽ റീ.സ. 22-ൽ പ്പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ടിന്റെ (കെ.പി.ഐ.പി.) കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽപ്പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെട്ട ആകെ 0.4629 ഹെക്ടർ ഭൂമി കോതക്കുറിശ്ശി 110 KV സബ്സ്റ്റേഷൻ നിർമ്മാണത്തിനായി കെ.എസ്.ഇ.ബി.ക്ക് 30 വർഷത്തേക്ക്, ഒരോ മൂന്നു വർഷം കൂടുന്തോറും അന്നത്തെ കമ്പോളവിലയുടെ

അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലും ചട്ടപ്രകാരമുള്ള 5% നിരക്ക് ഒഴിവാക്കി കമ്പോളവിലയുടെ 2% നിരക്കിൽ വാർഷികപാട്ടം ഈടാക്കി ( 1,34,426/- രൂപ വാർഷികപാട്ടത്തുക ) പാട്ടത്തിനു നൽകാവുന്നതാണോ;

1) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ.
2) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;
3) ഭൂമി 'ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
4) ഭൂമി എല്ലാതരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും K.S.E.B തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;
5) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.
6) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾആരംഭിക്കേണ്ടതാണ്.
7) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

REV-L1/32/2023-REV

8092801/2024/REV (L)

# GOVERNMENT OF KERALA
## (SRI.PINARAYI VIJAYAN MINISTRY)
### NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | L1/32/2023/RD |
| 2 | Department | Revenue(L) Department |
| 3 | Subject | Leasing of 0.4629 Hectares land in Ananganadi Village, Ottappalam Taluk, Palakkad District including 0.1556 H land in Re.Survey No.22/1 pt, 22/3 pt under the possession of Kanjirappuzha Irrigation Project (KPIP) and 0.3073 H land in Re.Survey 22 under the possession of Revenue Department to KSEB for the construction of 110 KV substation Kothakkurissi at an annual lease rent of Rs. 1,34,426/-, for 30 years on certain specific conditions and on further condition that the lease will be renewed after every three years - reg |
| 4 | Date of Chief Minister's order for placing before the Council | 08/01/2024 |
| 5 | i) Does the case involve financial commitments/implications ?<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note? | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | Power Department & Water Resources Department<br>Yes |
| 7 | Name of Additional Secretary who submitted the Draft Note | Smt.Mary Laly.C.Y |
| 8 | Name of Principal Secretary who approved the Draft Note | Tinku Biswal |
| 9 | Date of approval of the Note for the Council by the Principal Secretary | 05.02.2024 |
| 10 | Name of Chief Secretary who approved the Note | Dr. Venu.V |
| 11 | Date of approval of the Note for the Council by the Chief Secretary | 09.02.2024 |
| 12 | Name of Minister who approved the Draft Note | Sri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 12.02.2024 |
| 14 | Date of submission of fair copies | 13.02.2024 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# Note for the Council of Ministers

This note deals with the leasing of 0.4629 Hectares land in Ananganadi Village, Ottappalam Taluk, Palakkad District including 0.1556 H land in Re.Survey No.22/1 pt, 22/3 pt under the possession of Kanjirappuzha Irrigation Project (KPIP) and 0.3073 H land in Re.Survey 22 under the possession of Revenue Department to KSEB for the construction of 110 KV substation Kothakkurissi at an annual lease rent of Rs. 1,34,426/-, for 30 years on certain specific conditions and on further condition that the lease will be renewed after every three years.

2) The Land Revenue Commissioner has furnished proposal submitted by District Collector for the transfer of 0.4629 hectares of land on lease basis, including 0.1556 hectre of land included in resurvey number No.22/1 pt, 22/3 pt in the possession of KPIP (Kanjirappuzha Irrigation Project) and a 0.3073 hectre land in the possession of Revenue Department in Ananganadi village, Ottappalam Taluk, Palakkad District. Proforma report, Check list, Value assessment statement, mahassar, location sketch, B.T.R. copy, survey sketch, copy of fair value register etc. are submitted alongwith the proposal. The Land Revenue Commissioner also reported that the annual lease rent of the prescribed land may be fixed to Rs. 3,70,515/- (Rupees Three lakh seventy thousand five hundred and fifteen only).

3) In this matter the Water Resources Department remarked as follows;

" കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ കൈവശമുള്ള 0.1556 ഹെക്ടർ ഭൂമി കോതക്കുറിശ്ശി 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി പാട്ട വ്യവസ്ഥയിൽ വിട്ടു നൽകുവാൻ ഈ വകുപ്പിന് സമ്മതമാണ്. "

4) Opinion of Finance Department on the above matter is as follows.

*" അനങ്ങനടി വില്ലേജിൽ കോതക്കുറിശ്ശി സബ്സ്റ്റേഷന്റെ നിർമ്മാണാവശ്യത്തിന് ബ്ലോക്ക് 524 റീസർവ്വെ നമ്പർ 22-ൽ പെട്ട റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 0.3073 ഹെക്ടർ ഭൂമിയും, കെ.പി.ഐ.പി കൈവശത്തിലുള്ള റീസർവ്വെ നമ്പർ 22/1 Pt, 22/3 Pt എന്നിവയിൽ പെട്ട 0.1556 ഹെക്ടർ ഭൂമിയും ഉൾപ്പെടെ ആകെ 0.4629 ഹെക്ടർ ഭൂമി കെ.എസ്.ഇ.ബിക്ക് നിലവിലെ പാട്ടവ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പാട്ടത്തിന് അനുവദിക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നതായും G.O.(P).No 44/2018/Fin. dated 17.03.2018, G.O.(P).No 28/2019/Fin dated 08.03.2019 നമ്പർ ഉത്തരവുകൾ പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി 2023 ഏപ്രിൽ 1 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുള്ള ന്യായവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക കണക്കാക്കേണ്ടതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5) The lease rent of 0.4629 Hectares of land is Rs.3,36,065/- when calculated as per the fairvalue revised as on 1st April 2023. Meanwhile the Hon'ble Minister for Electricity requested to reduce the lease rent.

6) In this matter the Power Department informed as follows,

" കോതക്കുറുശ്ശി 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി നിലവിൽ ആവശ്യപ്പെട്ട ഭൂമിയുടെ പാട്ടത്തുക കുറവ് ചെയ്തു നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ- സമർപ്പിച്ച നിവേദനം കൈകാര്യം ചെയ്യുന്ന സി3/136/2023/ഊർജ്ജം നമ്പർ ഫയൽ ഈ വകുപ്പിന്റെ ശിപാർശ സഹിതം റവന്യു വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു. ഇതിന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "

7) The Power Department has requested to consider the transfer of 1.13 Acre of land free of cost or at reduced lease rate (calculated on the basis of fair value) for at least 50 years to KSEB Ltd for the construction of substation as requested in the letter of KSEB.

8) As per G.O.(M.S.) 96/2016/RD dated 06.02.2016, it is specified that lease rent for institutions purely of commercial nature and occupying above 400 sq.m. can be calculated as 5% of market value in Panchayath area and based on this the Land Revenue Commissioner has calculated the lease rent of the land @ 5% per annum. The annual lease rent can be calculated at the rate of 2% of market value by considering the fact that KSEB is a public sector undertaking under Government of Kerala and also considering the recommendation of Power Department. There is a practice of leasing land for annual rent of Rs.100/- per Are in some special circumstances. There is no need to

allow the above concession as the KSEB is providing their service by collecting service charge from the consumers.

9) In the above circumstance, lease rent can be calculated @ 2% market value as per the Government Order No. G.O.(MS) 96/2016/RD dated 06/02/2016, considering that the institution is a public sector undertaking under Government of Kerala. Accordingly, the annual lease rent is calculated as ( 46.29Are X Rs. 145200/- X 2% = 134426/-) Rs. 1,34,426/- ( One Lakh thirty four thousand four hundred and twenty six only)

10) Eventhough the Finance Department has recommended to lease the land at the rate of 5% to KSEB, the Chief Minister ordered to submit the matter before the Council of Ministers for leasing the land as per 2% of market value considering the recommendation of Power Department, by considering that it is a public sector institution.

## Points for Decision

Whether 0.4629 Hectares land in Ananganadi Village, Ottappalam Taluk, Palakkad District including 0.1556 H land in Re.Survey No.22/1 pt, 22/3 pt under the possession of Kanjirappuzha Irrigation Project (KPIP) and 0.3073 H land in Re.Survey 22 under the possession of Revenue Department may be leased to KSEB for the construction of 110 KV substation Kothakkurissi at an annual lease rent at the rate of 2% of

Market value ( Rs. 1,34,426/-) for 30 years, on condition that the lease will be renewed every three years based on the market value of land at that time and as per the conditions specified below;

1) The land should be used only for the purpose for which it is given.

2) The land shall neither be mortgaged in any financial institutions nor alienated.

3) The land should not be sub let/ or given for ground rent / or misused.

4) K.S.E.B. shall protect the land from all encroachments.

5) The trees in the land shall not be cut down. If trees are to be cut down prior permission of Revenue authorities has to be obtained. Moreover sapplings of 3 times the number of trees cut shall be planted.

6) The proposed construction work should be started within one year from the date of allotment of land.

7) The lease is liable to be cancelled on contravention of any of the aforementioned terms and conditions and the land including improvements thereon shall be taken back to the possession of the Revenue Department.